بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 23.10.15 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*23.10.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

# ഹോളണ്ട് പാർലമെന്റ് പ്രസംഗം പ്രതികരണങ്ങൾ

ഓരോ യാത്രയിലും സഹായത്തിന്റേയും ശക്തിപ്രഭാവത്തിന്റേയും ദൃഷ്ടാന്തങ്ങൾ കാണിക്കുന്നുവെന്നത് അല്ലാഹുവിന്റെ അനുഗ്രഹവും ഔദാര്യവുമാണ്. പറഞ്ഞു: കഴിഞ്ഞ ദിവസങ്ങളിൽ ഞാൻ ഹോളണ്ടിലും ജർമനിയിലും പര്യടനത്തിലായിരുന്നു. നൻസ്പേട്ട് പ്രദേശത്താണ് നമ്മുടെ സെന്ററുള്ളത് അവിടത്തെ പാർലമെന്റംഗം രണ്ടു മൂന്നു വർഷം മുമ്പേ ജമാഅത്തിനെ പരിചയപ്പെട്ടയാളാണ്. അദ്ദേഹം ഹോളണ്ടിലെ ഒരു ജൽസയിൽ വച്ച് എന്നേയും കണ്ടിരുന്നു. അദ്ദേഹം മുഖേന ഹോളണ്ടിലെ പാർലമെന്റ് ഹൗസിൽ, ഒരു ഫംഗ്ഷൻ നടത്തുന്നതിനുള്ള സാഹചര്യം അല്ലാഹു ഒരുക്കി. ഹോളണ്ട് ജമാഅത്തിന്റെ അവസ്ഥകൾ മുന്നിൽവെച്ചുകൊണ്ട് നോക്കുകയാണെങ്കിൽ ഞാൻ വിചാരിക്കുന്നത് അല്ലാഹുവിന്റെ അനുഗ്രഹത്താൽ വളരെ നല്ല പരിപാടിയാണ് നടന്നത് എന്നാണ്.

ഈ പരിപാടിയിൽ 89 നേതാക്കന്മാർ പങ്കെടുത്തു. ഇവരിൽ ഡച്ച് പാർലമെന്റിലെ അംഗങ്ങൾക്കു പുറമെ, സ്പെയിൻ, അയർലന്റ്, സ്യൂഡൻ, ക്രൊയേഷ്യ, മോണ്ടിനെഗ്രൊ, അൽബാനിയ, ഫ്രാൻസ്, സ്വിറ്റ്സർലന്റ്, ബൽജിയം, ജർമനി, ഇന്ത്യ, ഫിലിപ്പൈൻ, ഡന്മാർക്ക്, സൈപ്രസ് എന്നീ രാജ്യങ്ങളുമായി ബന്ധം വെക്കുന്ന പാർലമെന്റംഗങ്ങളും, അംബാസിഡർമാരും മറ്റു ചില സർക്കാർ ഉദ്യോഗസ്ഥന്മാരും പ്രതിനിധികളും പങ്കെടുത്തിരുന്നു. എന്തായാലും ഹോളണ്ടിലെ ജമാഅത്ത് ഇപ്പോൾ മുമ്പോട്ടുവെച്ച ചുവടുകൾ, ഉണ്ടാക്കിയ ബന്ധങ്ങൾ, പത്രപ്രതിനിധികളുമായിട്ടുള്ള ബന്ധങ്ങൾ, മാധ്യമങ്ങളുമായി ഉണ്ടാക്കിയിട്ടുള്ള ബന്ധങ്ങൾ, ഞാൻ പ്രതീക്ഷിക്കുന്നത് അവർ ഇതെല്ലാം കൂടുതൽ ശക്തമാക്കാൻ ശ്രമിക്കുമെന്നാണ്. അവർ ഇതുവരെ ചെയ്തിട്ടുള്ള ജോലികൾ അവസാനത്തേതാണ് എന്ന് മനസ്സിലാക്കുകയില്ലെന്നാണ്. പാർലമെന്റ് ഹൗസിൽ നടന്ന പരിപാടിയിൽ ഞാൻ 18,20 മിനിറ്റ് 'ഇസ്ലാമികാധ്യാപനങ്ങളും വർത്തമാനകാല അവസ്ഥകളും' എന്ന വിഷയത്തിൽ ഹ്രസ്വമായി കാര്യങ്ങൾ വിവരിച്ചു. ഈ പരിപാടിയിൽ പങ്കെടുത്ത അതിഥികളിലും പരിപാടി ശ്രവിച്ച അന്യ രിലും ഇസ്ലാമികാധ്യാപനങ്ങൾ നല്ലവണ്ണം സ്വാധീനം ചെലുത്തി

ഇത് അല്ലാഹുവിന്റെ ജോലിയാണ് അതുകൊണ്ട് അവൻ ഈ മനസ്സുകളെ കീഴടക്കി റുഅ്ബ് (ആദരയുക്തമായ ഭയം) ഇടുന്നു. മാനുഷികമായ പരിശ്രമങ്ങൾക്ക് ഒന്നും ചെയ്യാൻ കഴിയുകയില്ല. ഈ പരിപാടി സംഘടിപ്പിക്കുക എന്നത് അല്ലാഹുവിന്റെ ഫള്ലൊന്നു മാത്രമാണ്. ഇത് ആരുടെയെങ്കിലും ശ്രമഫലമായിട്ട് സംഘടിപ്പിച്ചു, ഏതെങ്കിലും ജമാഅത്തിന്റെ ശ്രമഫലമായിട്ട് സംഘടിപ്പിച്ചു, ഏതെങ്കിലും വ്യക്തി കാരണത്താലാണ് സംഘടിപ്പിക്കാൻ കഴിഞ്ഞെന്ന് ഹോളണ്ട് ജമാഅത്ത് പറഞ്ഞാൽ അതു തെറ്റാണ്. എന്നല്ല, ഞാൻ ധരിക്കുന്നത് അധികമാളുകളും പറയുക ഇതിത്ര മനോഹരമായി എങ്ങനെ നടന്നുവെന്ന് തങ്ങൾക്ക് മനസ്സിലാകുന്നില്ല. എന്ന് പറയുമെന്നാണ്. ഇത് നല്ല നിലയ്ക്ക് സംഘടിപ്പിച്ച പാർലമെന്റംഗം പറഞ്ഞത്, ഈ പരിപാടി നീ എങ്ങനെ സംഘടിപ്പിച്ചുവെന്ന് ഒരുപാട് പാർലമെന്റംഗങ്ങൾ തന്നോടു ചോദിച്ചുവെന്നാണ്. നമുക്കു മാത്രമല്ല അന്യരുടെ ദൃഷ്ടിയിലും ഈ ചെറിയ ജമാഅത്തിന്റെ പരിപാടി ഇങ്ങനെ പാർലമെന്റ് ഹൗസിൽ സംഘടിപ്പിക്കുക എന്നത് ഏറെ ദുഷ്കരമായി തോന്നിയിരുന്നു. ഈ പാർലമെന്റംഗം പറയുന്നു. ഈ പരിപാടി ഹാജർ നിലയുടെ അടിസ്ഥാനത്തിലും വിവരിക്കപ്പെട്ട വിഷയത്തിന്റെ അടിസ്ഥാനത്തിലും ഞാൻ പ്രതീക്ഷിച്ചതിനേക്കാൾ വളരെ വിജയകരമായിരുന്നു. ഇദ്ദേഹം പറയുന്നു: ഇനി ഇതിന് സൽഫലങ്ങളുണ്ടാകും. കാരണം അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം തന്റെ സന്ദേശം അങ്ങേയറ്റം ഹൃദയസ്പൃക്കായ നിലയിലാണ് നല്കിയത്. ഇസ്ലാമിന്റെ സമാധാന നിർഭരമായ മുഖകമലം ഹോളണ്ട് ജനതയ്ക്കു കാണിച്ചുകൊടുക്കുക എന്നത് അവരുടെ അവകാശമായിരുന്നു. അവർക്ക് ഈ സന്ദേശത്തിന്റെ ആവശ്യമുണ്ട്. ഖലീഫത്തുൽ മസീഹ് പങ്കെടുത്ത ഈ പാർലമെന്റ് പരിപാടി അതിന്റെ ആദ്യത്തെ ചുവടുവയ്പ്പാണ്. ഇനി ഞങ്ങൾ ഇത്തരം കൂടുതൽ പരിപാടികൾ സംഘടിപ്പിക്കുന്നതാണ്. വേറേയും ഒരുപാട് ആദരണീയരായ അതിഥികൾ ഈ പരിപാടിക്ക് അഭിനന്ദങ്ങൾ അറിയിച്ചുകൊണ്ട് ഇസ്ലാമിന്റെ യഥാർഥ മുഖം കാണിച്ചുകൊടുത്തതിന് നന്ദി പറയുകയുണ്ടായി. ഹോളണ്ടിലെ മുൻ പ്രതിരോധ മന്ത്രിയും ഈ പരിപാടിയിൽ പങ്കെടുത്തിരുന്നു. പരിപാടി കഴിഞ്ഞും വളരെ നേരം ഞാനുമായി സംസാരിച്ചിരുന്നു. അദ്ദേഹം തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: അങ്ങയുടെ സന്ദേശത്തിലൂടെ ഇസ്ലാമിന്റെ തനതായ മുഖം കാണാൻ കഴിഞ്ഞു. അങ്ങ് ആവർത്തിച്ചാവർത്തിച്ച് ഹോളണ്ടിൽ വരണമെന്നാണ് മനസ്സാഗ്രഹിക്കുന്നത്. ജനഹൃദയങ്ങളിൽ നിന്ന് ഇസ് ലാമിനോടുള്ള ഭയം പുറത്തു പോകാൻ അതാവശ്യമാണ്. പിന്നീട് പറയുന്നു: പാർലമെന്റംഗങ്ങളുടെ ചോദ്യങ്ങൾക്ക് അങ്ങ് നല്കിയ മറുപടികൾ ഉചിതമായി ചിന്തിക്കുന്നയാളുകളുടെ കണ്ണു തുറപ്പിക്കാൻ മതിയായതാണ്.

ഈ പരിപാടിയിൽ സ്പെയ്നിലെ അംബാസിഡറും പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: പ്രത്യേകിച്ചും ജമാഅത്തിന്റെ ഇമാം ഫ്രീഡം ഓഫ് സ്പീച്ച് ആവിഷ്കാര സ്വാതന്ത്രവും, മറ്റു മതങ്ങളെ ആദരിക്കുന്നതിന്റേയും ബഹുമാനിക്കുന്നതിന്റേയും പ്രാധാന്യവും ചോദ്യങ്ങൾക്കുള്ള മറുപടിയിൽ പറഞ്ഞത് തികച്ചും ഉചിതമായിരുന്നു. പ്രസംഗത്തിന്നിടയിൽ ആവിഷ്കാര സ്വാതന്ത്രത്തേയും സാഹോദര്യബന്ധത്തേയും കുറിച്ചു ഇസ്ലാമികാധ്യാപനങ്ങൾ അനുസരിച്ച് പറഞ്ഞ കാര്യങ്ങൾ ഹൃദയങ്ങളിൽ തറയ്ക്കുന്നതായിരുന്നു. ഞാൻ അവയെ പിന്താങ്ങുന്നു. കാരണം മതങ്ങൾ തമ്മിലുള്ള സാഹോദര്യബന്ധത്തിനും ലോകസമാധാനത്തിനും ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടത് വളരെ അനിവാര്യമാണ്.

സ്പയ്നിലെ പാർലമെന്റംഗം പറയുന്നു: മനുഷ്യകുലത്തിന് സമാധാനത്തിനും, സർവസ്രഷ്ടാവായ ദൈവത്തെ സ്നേഹിക്കുന്നതിനുള്ള ആകർഷനിർഭരമായ സന്ദേശം കേട്ട് സന്തോഷമുണ്ടായി. യുദ്ധങ്ങളിലും മതത്തിന്റെ പേരിൽ ചെയ്യപ്പെടുന്ന അക്രമങ്ങളിലും നിത്യേന വർധനയുണ്ടായിക്കൊണ്ടിരിക്കുന്ന ഈ ലോകത്ത് ഇത്തരത്തിലുള്ള സമാധാന സന്ദേശത്തിന് നമ്മൾ നന്ദി പറയേണ്ടതാണ്. ഇന്ന് മുമ്പത്തേക്കാളുപരി സമാധാനം ആഗ്രഹിക്കുന്നവരും മതാധ്യാപനങ്ങളനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരും ഐക്യപ്പെടേണ്ടതുണ്ട്. നമ്മുടെ ഇടയിൽ കാണുന്ന അഭിപ്രായഭിന്നതകൾക്ക് ആക്കം കൂട്ടുന്നതിനു പകരം നമ്മുടെ ഇടയിലുള്ള അഭിപ്രായഐക്യമുള്ള കാര്യങ്ങളിലേക്ക് ശ്രദ്ധ ചെലുത്തേണ്ടതാണ്.

മോണ്ടിനിഗ്രോയിൽ നിന്ന് മൂന്നാളുകൾ വന്നിരുന്നു. ഒരാൾ നാഷണൽ പാർലമെന്റംഗമായിരുന്നു. അദ്ദേഹം പറയുന്നു: ജമാഅത്തിന് ഈ പരിപാടി വമ്പിച്ച വിജയമാണ്. അവരുടെ ഇമാം ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനം ഉന്നതമായ നിലയിൽ സമർപ്പിച്ചു. ഹോളണ്ട് പാർലമെന്റംഗങ്ങളുടെ ചോദ്യങ്ങൾ അങ്ങേയറ്റം അക്രമണോന്മുഖമായിരുന്നു. പക്ഷേ, അദ്ദേഹം ശക്തമായ തെളിവോടും യാഥാർഥ്യങ്ങളിലധിഷ്ഠിതവുമായ മറുപടികൾ നല്കി. ജമാഅത്തിന്റെ ഇമാം ധൈര്യത്തോടും ആത്മവിശ്വാസത്തോടും തെളിവോടും കൂടി സംസാരിക്കുന്നയാളാണെന്ന് അത് പ്രകടിപ്പിക്കുന്നു. ഇന്നത്തെ അപകടങ്ങൾ നിറഞ്ഞു നില്ക്കുന്ന ലോകത്ത് ഇത്തരം പരിപാടികൾ അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം പറഞ്ഞു.

ഹ്യൂമൺ റൈറ്റ്സ് ഡിഫൻസിന്റെ രണ്ടംഗങ്ങൾ അവിടെ ഉണ്ടായിരുന്നു. പാർലമെന്റിൽ നല്കപ്പെട്ട ഈ സന്ദേശം പദ്ധതികൾ ആസൂത്രണം ചെയ്യുന്നവർക്ക് എത്തിച്ചുകൊടുക്കേണ്ടതാണെന്ന് അവർ പറഞ്ഞു.

ക്രൊയേഷ്യയിൽ നിന്ന് ഭരണകക്ഷി പാർട്ടിയുടെ ഒരു പാർലമെന്റംഗം പങ്കെടുത്തിരുന്നു. അദ്ദേഹം പറയുന്നു: ജമാഅത്തിന്റെ ഇമാം ഇസ്ലാമികാധ്യാപനങ്ങളെ വളരെ വ്യക്തമായും ഹൃദയസ്പൃക്കായ നിലയിലും വിവരിച്ചു. ലോകത്ത് സമാധാനം സ്ഥാപിക്കുന്നതിന് ഇസ് ലാമികാധ്യാപനങ്ങൾ വളരെ ഫലപ്രദമാണ്. എല്ലാ മുസ്ലിംകളും ഈ അധ്യാപനങ്ങളനുസരിച്ച് സത്യഹൃദയത്തോടു കൂടി പ്രവർത്തിക്കുകയാണെങ്കിൽ ലോകം സമാധാനത്തിന്റെ കളിത്തൊട്ടിലായി ത്തീരും. അദ്ദേഹം പറഞ്ഞു: ആവിഷ്കാര സ്വാതന്ത്രത്തെ കുറിച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ നേതാവിന്റെ നിലപാട് വളരെയേറെ ഫലമുളവാക്കുന്നതായിരുന്നു. പ്രത്യേകിച്ചും ഹോളോകോസ്റ്റിനെ കുറിച്ച് ചില രാജ്യങ്ങളിൽ നിലനില്ക്കുന്ന നിയന്ത്രണങ്ങൾ, അദ്ദേഹത്തിന്റെ നിലപാടുകളെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. വീണ്ടും പറയുന്നു: പാക്കിസ്ഥാനിൽ അഹ്മദികളുടെ മേൽ അക്രമങ്ങൾ ഉണ്ടായിക്കൊണ്ടിരിന്നിട്ടും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം പാക്കിസ്ഥാനുമേൽ നേരിട്ട് വിമർശനം നടത്തുന്നതിൽ നിന്ന് പിന്മാറുകയും മനോഹരമായ നിലയിൽ യഥാർഥ ഇസ്ലാമികാധ്യാപനമനുസരിച്ച് പ്രവർത്തിക്കാൻ മുസ്ലിംകളെ ഉപദേശിക്കുകയും ചെയ്തു. അത് വളരെയേറെ ഫലപ്രദമായിരുന്നു. പറയുന്നു: ആയുധങ്ങളുടെ മേൽ നിയന്ത്രണമേർപ്പെടുത്തുന്നതിനെ കുറിച്ചും ഫണ്ടിംഗ് തടയുന്നതിനെ കുറിച്ചുമുള്ള നിലപാട് വളരെയേറെ യാഥാർഥ്യമുൾക്കൊള്ളുന്നതായിരുന്നു. യാഥാർഥത്തിൽ ലോകത്തെ ശാക്തികമായ രാഷ്ട്രങ്ങൾ ഇക്കാര്യങ്ങളനുസരിച്ച് തന്മയത്തോടും വിശ്വസ്തതയോടും കൂടി പ്രവർത്തിച്ചാൽ ലോകം സമാധാനത്തിലേക്ക് മടങ്ങി വരുന്നതാണ്.

സ്യൂഡനിൽ നിന്ന് വന്ന പാർലമെന്റംഗം പറയുന്നു: പ്രഭാഷണം വളരെ നല്ലതായിരുന്നു. ഫലമുളവാക്കുന്നതായിരുന്നു. മതപരമായ നേതാവെന്ന നിലയിൽ അദ്ദേഹം ലോകത്തെ പ്രഗൽഭ വ്യക്തികളെ പിടിച്ചു കുലുക്കിക്കളഞ്ഞു പ്രഭാഷണത്തിൽ സത്യസന്ധത നിറഞ്ഞുനിന്നു. സ്വാർഥതയൊന്നുമുണ്ടായിരുന്നില്ല. സമാധാനം, നീതി, സഹിഷ്ണത, മനുഷ്യത്വം, സ്നേഹം സാഹോദര്യബന്ധം തുടങ്ങിയ കാര്യങ്ങൾ ജമാഅത്തിന്റെ ഇമാം വളരെ സരളമായ വാക്കുകളിൽ പറയുകയും ലോകത്തിന് ഒരു സന്ദേശം നല്കുകയും ചെയ്തു.

ബുദ്ധിസത്തിന്റേയും ഇസ്ലാമിന്റേയും മറ്റു മതങ്ങളുടേയും വിദഗ്ദനായ ആംസ്റ്റർഡം യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: ജമാഅത്തിന്റെ ഇമാം ഇസ്ലാമിന്റെ സമാധാനാധ്യാപനത്തെ കുറിച്ച് വ്യക്തമായ രീതിയിൽ പറഞ്ഞിരിക്കുന്നു. ഇതിൽ നിന്ന് ഞങ്ങളുടെ ഇന്റർഫേയ്ത് ഡയ്ലോഗ് പരിപാടികളിൽ ജമാഅത്തിന്റെ പ്രതിനിധി അനിവാര്യമാണെന്ന് എനിക്കു തോന്നി. ഇസ്ലാമിന്റെ അസലും യഥാർഥവുമായ ചിത്രം നമ്മുടെ മുമ്പിൽ വരുന്നതിന് ഞങ്ങളുടെ പരിപാടികളിൽ ജമാഅത്ത് തീർചയായും പങ്കെടുക്കേണ്ടതാണ്.

നാലഞ്ചു ദിവസത്തെ ഹോളണ്ട് താമസത്തിന്നിടയിൽ നിത്യവും ഏതെങ്കിലുമൊക്കെ പത്ര റേഡിയോ, ടിവി പ്രതിനിധികൾ വരികയും ഇന്റർവ്യൂ എടുക്കുകയും ചെയ്തു. ദീർഘമായ സംസാരങ്ങൾ നടന്നു. അരമണിക്കൂർ മുതൽ 35, 40 മിനിറ്റു വരെ പരിപാടികൾ നീണ്ടു. അവയിൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ വാദത്തിന്റെ സ്ഥാനത്തെ കുറിച്ചും, ഇസ്ലാമികാധ്യാപനത്തെ കുറിച്ചും, ലോകസമാധാനം, ഖിലാഫത്ത് തുടങ്ങിയ വിഷയങ്ങളിലും ചർച്ച നടന്നു. മൊത്തത്തിൽ നോക്കുകയാണെങ്കിൽ മാധ്യമങ്ങൾ മുഖേന ഹോളണ്ടിൽ, ഇപ്രാവശ്യം നടന്ന ആദ്യശ്രമത്തിൽ 8 മില്യൺ ആളുകൾ വരെ സന്ദേശമെത്തുകയുണ്ടായി.

ഹോളണ്ടിലെ രണ്ടാമത്തെ മസ്ജിദിന് തറക്കല്ലിടാനും തൗഫീഖ് കിട്ടി. അല്ലാഹു ഇതിന്റെ നിർമാണവും എത്രയും വേഗം പൂർത്തീകരിച്ചുതരുമാറാകട്ടെ. 60 വർഷത്തിനു ശേഷം

ഔദ്യോഗികമായി അവിടെ ജമാഅത്ത് മസ്ജിദ് നിർമിക്കുകയാണ്. സെന്റർ നേരെത്തെയുണ്ട്. ഒന്നു രണ്ടു സെന്റർ എടുത്തിരുന്നു. ഔദ്യോഗിമായിട്ട് മസ്ജിദ് ഉണ്ടായിരുന്നില്ല. മസ്ജിദ് ഉണ്ടാക്കുക എന്നത് കാലത്തിന്റെ വലിയൊരു ആവശ്യമായിരുന്നു. ശിലാകർമപരിപാടിയിൽ പങ്കെടുത്ത അതിഥികളുടെ മൊത്തസംഖ്യ 102 ആയിരുന്നു. അൽമേറെ നഗരത്തിലാണ് മസ്ജിദ് നിർമിക്കുന്നത്. അവിടത്തെ മേയറും ജഡ്ജിമാരും വക്കീൽമാരും ഡോക്ടർമാരും ആർക്കിടെക്റ്റുമാരും മതനേതാക്കന്മാരും ജീവിതത്തിന്റെ വിവിധ മേഖലകളുമായി ബന്ധപ്പെട്ടവരുമായ അതിഥികൾ പങ്കെടുത്തിരുന്നു. ഇതിനു പുറമെ അൽബാനിയ, മോണ്ടിനെഗ്രോ, ക്രൊയേഷ്യ, സ്യൂഡൻ, സ്പെയിൻ, സ്വിറ്റ്സർലാന്റ് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് ഫംഗ്ഷനിൽ പങ്കെടുക്കാൻ ഒരു ദിവസം മുമ്പേ എത്തിയ അതിഥികളും സന്നിഹിതരായിരുന്നു.

അൽമേറെയിലെ മേയർ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: അങ്ങയുടെ വാക്കുകൾ കേട്ട് മനസ്സിൽ വളരെ സ്വാധീനമുണ്ടായി. അത് നല്കിയ ഈ സന്ദേശം ഒരു സമാധാനപരമായ അന്തരീക്ഷം സ്ഥാപിക്കുന്നതിന് അങ്ങേയറ്റം ഫലം ചെയ്യുന്നതാണ്. നമ്മളെല്ലാവരും ചേർന്നുകൊണ്ട് അത് നടപ്പിൽ കൊണ്ടുവരാൻ ശ്രമിക്കേണ്ടതാണ്. പിന്നീട് ഇദ്ദേഹം പറഞ്ഞു: മസ്ജിദ് മുഖേന ഈ സന്ദേശം, സമാധാന സന്ദേശം തീർച്ചയായും പരക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

അവിടത്തെ ഒരു ലോക്കൽ കൗൺസിലിന്റ് മെമ്പർ പറഞ്ഞു: ഈ സന്ദേശം എഴുത്തുകാരായ എല്ലാ ചിന്തകന്മാർക്കും വഴികാട്ടിയാണ്.

ഒരു രാഷ്ട്രീയ പാർട്ടിയായ ലിബറൽ പാർട്ടിയുടെ നേതാവ് പറഞ്ഞു: ഭാവിയിൽ നിങ്ങളുടെ ജമാ അത്ത് മാത്രമാണ് ഈ ലോകത്ത് സമാധാനത്തിന് ജാമ്യമെന്ന് തോന്നുന്നു.

അവിടെ ഒരു മുസ്ലിം റേഡിയോ, നാഷണൽ മുസ്ലിം റേഡിയോ എന്ന പേരിൽ പ്രവർത്തിക്കുന്നുണ്ട്. മസ്ജിദിന്റെ ശിലാകർമപരിപാടി നടക്കേണ്ട ദിവസം നാഷണൽ മുസ്ലിം റേഡിയോ നാലര മിനിറ്റ് നേരം അൽമേറെ മസ്ജിദിന്റെ നിർമാണ പരിപാടിയെ കുറിച്ച് റിപ്പോർട്ട് പ്രക്ഷേപണം ചെയ്തു. ഇതിൽ ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ പുനരാഗമനത്തെ കുറിച്ചും പറഞ്ഞു. മസീഹ് മൗഊദിന്റെ ഖലീഫ എന്ന് പറഞ്ഞ് എന്നെയും പരിചയപ്പെടുത്തി. അൽമേറിയയിലെ മസ്ജിദിന്റെ ശിലാസ്ഥാപന പരിപാടിക്കായി വന്നതാണെന്നും പറഞ്ഞു. ഈ റിപ്പോർട്ടിൽ ശിലാസ്ഥാപന പരിപാടിയിൽ ചെയ്ത പ്രസംഗത്തിന്റെ ചില ഭാഗങ്ങളും കേൾപ്പിച്ചിരുന്നു.

ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഇതിനു ശേഷം ജർമനിയിൽ രണ്ടു മസ്ജിദുകൾക്ക് തർക്കല്ലിട്ടു. അവിടേയും നഗരത്തിലെ ആദരണീയരും വിദ്യാസമ്പന്നരും വന്നിരുന്നു. ഇവിടേയും നല്ല പരിപാടിയാണ് നടന്നത്. ജമാഅത്ത് അവിടെ കൂടുതൽ അറിയപ്പെട്ടു. ഹോളണ്ടിൽ നിന്ന് ജർമനിയിലേക്ക് പോകും വഴി നോർഡ് ഹാർഡനിൽ മസ്ജിദിന് തറക്കല്ലിട്ടു. അവിടെ ഒരു ടി.വി ചാനൽ അഭിമുഖം നടത്തി. വാർത്തയും സംപ്രേഷണം ചെയ്തു. ഒരു മുൻ മേയറും അവിടെ വന്നിരുന്നു. പരിപാടിക്കുശേഷം അദ്ദേഹം പറഞ്ഞു: ഞായറാഴ്ച്ച പള്ളിയിൽ പോകേണ്ട ആവശ്യമില്ല എന്തൊന്നാണോ നമുക്കാവശ്യമായിട്ടുള്ളത് അത് ഇവരുടെ ഖലീഫ പറഞ്ഞു കഴിഞ്ഞിരിക്കുന്നുവെന്ന് ഞാൻ എന്റെ സുഹൃത്തുക്കളോട് പറഞ്ഞിട്ടുണ്ട്. ഇങ്ങനേയും ചിലയാളുകൾ അഭിപ്രായം പ്രകടിപ്പിക്കാറുണ്ട്. അല്ലാഹു അവരുടെ ഹൃദയം തുറക്കുമാറാകട്ടെ. യഥാർഥത്തിൽ ഇസ്ലാമികാധ്യാപനം മനസ്സിലാക്കി സ്വീകരിക്കുന്നവരാകട്ടെ. ഒരു ജർമൻ സ്ത്രീ പറഞ്ഞു: യഥാർഥത്തിൽ ഇത് വളരെ നല്ലൊരു പരിപാടിയായിരുന്നു. എനിക്കു ഇസ്ലാമിനെകുറിച്ച് കൂടുതലൊന്നും അറിയില്ല. എന്നാൽ ഇന്ന് ഖലീഫത്തുൽ മസീഹ് മനസ്സിലാക്കിത്തന്നപ്പോൾ അതിന്റെ ശരിയായ അറിവുണ്ടായി.

ഒരു ജർമൻകാരൻ പറയുന്നു: ഞാൻ കത്തോലിക്ക മതവിശ്വാസിയാണ്. ഇന്ന് ഞാൻ മറ്റൊരു മനോഹരമായ മതത്തെ കുറിച്ച് അതായത് ഇസ്ലാമിനെ കുറിച്ച് പഠിച്ചിരിക്കുന്നു. ഖലീഫയുടെ പ്രസംഗത്തിൽ നിന്ന് എനിക്ക് ഇസ്ലാമിനെകുറിച്ച് കൂടുതൽ ഗവേഷണം നടത്താൻ താൽപര്യമുണ്ടായിരിക്കുന്നു. അദ്ദേഹം ഞങ്ങൾക്കു ഇസ്ലാമിന്റെ യാഥാർഥ്യം പറഞ്ഞു തന്നു. പറയുന്നു: ഇസ്ലാമിന്റെ അടിത്തറ സ്നേഹത്തിലും സ്വാതന്ത്രത്തിലും സമാധാനത്തിലും നിലകൊള്ളുന്നതാണെന്ന് എനിക്കറിയാൻ കഴിഞ്ഞു. 'എനിക്ക് ഏറ്റവും കൂടുതൽ ഇഷ്ടപ്പെട്ടത് ഇസ്ലാം അയൽവാസികളോടുള്ള കടമകൾ നിർവഹിക്കാൻ കൂടുതൽ ശക്തി ചെലുത്തുന്നു എന്ന് അദ്ദേഹം പറഞ്ഞതാണ്.

ഒരു ജർമൻ സ്ത്രീ പറയുന്നു: ' ഞാൻ മതവിശ്വാസിയല്ല. ഒരു മതത്തിലും ഞാൻ വിശ്വസിക്കുന്നുമില്ല. ലോകത്ത് ഒരു ഖലീഫയുണ്ടെന്നും എനിക്കറിയില്ല. പക്ഷേ, ഇന്ന് ഞാൻ ഈ ഖലീഫയെ കണ്ടപ്പോൾ, അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടപ്പോൾ പറയുന്നു: 'ഇന്ന് ഞാൻ ഇസ്ലാമിനെകുറിച്ച് നല്ല അഭിപ്രായത്തോടു കൂടിയാണ് പോകുന്നത്. മസ്ജിദ് വെറും ആരാധനയ്ക്കു വേണ്ടിയല്ലെന്ന് ഞാൻ പഠിച്ചു. അത് മനുഷ്യർക്ക് സേവനം ചെയ്യാനും കൂടിയാണ്. മസ്ജിദ് അയൽവാസികളെ സഹായിക്കാനുള്ള സ്ഥലം ആണെന്നും ഞാൻ പഠിച്ചു. മസ്ജിദ് സമാധാനം പ്രചരിപ്പിക്കാനുള്ള സ്ഥലമാണെന്നും ഞാൻ പഠിച്ചു. ഇസ്ലാമിനെ സംബന്ധിച്ചുള്ള സകല ചോദ്യങ്ങളും അല്ലെങ്കിൽ മനുഷ്യർക്കുണ്ടാകാവുന്ന ഭയവും ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണത്തോടെ അകന്നു കഴിഞ്ഞിരിക്കുന്നു. മറ്റൊരു ജർമൻ സ്ത്രീയും ആ അവസരത്തിൽ വന്നിരുന്നു. അവർ തന്റെ വികാരം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു: നിങ്ങളുടെ ഈ വ്യവസ്ഥിതിയിൽ എല്ലാ മനുഷ്യരും കൂട്ടിയിണക്കപ്പെട്ടതായി എന്നെന്നും കാണുമാറാകട്ടെ. താല്കാലികമായ അവസരങ്ങളിൽ മാത്രമല്ല. ഇതു സ്ഥിരമായിട്ടുള്ളതാക്കുക. ഇവിടെയുള്ളവർ മനസ്സിലാക്കുന്നത് സ്വാതന്ത്രത്തിന്റെ പേരിൽ കുട്ടികൾക്ക് നല്കുന്ന വിദ്യാഭ്യാസമാണ് സർവവുമെന്നാണ്. ഇവിടെ താമസിക്കുന്നവർ ഇക്കാര്യം കൊണ്ട് വളരെ വിഷമത്തിലാണ്. അതുകൊണ്ട് നമ്മുടെ കുട്ടികൾക്ക് വീടുകളിൽ എല്ലാ കാര്യങ്ങളും മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. ഇതൊന്നും സത്യമല്ലെന്നും ഇസ്ലാമിക മൂല്യങ്ങളിലേക്ക് നോക്കേണ്ടത് നിർബന്ധമാണെന്നും അതു ശ്രദ്ധിക്കണമെന്നും പറഞ്ഞു കൊടുക്കേണ്ടതാണ്.

ഇപ്രകാരം തന്നെ ഒരു ഭർത്താവും ഭാര്യയും അവിടെ ഇരിപ്പുണ്ടായിരുന്നു. ഒരു അഹ്മദി പെൺകുട്ടിയുമായി അവർ പർദയെ കുറിച്ച് ചർച ചെയ്യാൻ തുടങ്ങി. അവർ ചോദിച്ചു,

സ്ത്രീകൾ ആരും ഇല്ലല്ലോ? വെറും പുരുഷന്മാർ മാത്ര മല്ലേയുള്ളൂ. സ്ത്രീകൾക്ക് പ്രത്യേക പന്തൽ എന്തിനാണ്. അവർ എന്റെ പ്രസംഗം കേട്ടു. പിന്നീട് പർദയുടെ ആത്മാവും പറഞ്ഞുകൊടുത്തു. എന്തു കാരണത്താലാണ് പർദയെന്ന്! അപ്പോൾ പറഞ്ഞു: പാശ്ചാത്യദേശത്ത് സ്ത്രീസ്വാതന്ത്ര്യം വെറും ഉപരിപ്ലവമായ നിലയിൽ മാത്രമാണ്. ഇതു ശരിയായ സ്വാതന്ത്ര്യമല്ല. പറയുന്നു: താങ്കൾ പർദയുടെ പൊരുൾ എനിക്കു മനസ്സിലാക്കിത്തന്നു. ഇതിലാണ് സ്ത്രീകളുടെ അന്തസ്സ് എന്നും എനിക്കു മനസ്സിലായി. അന്യർക്ക് ഇസ്ലാമികാധ്യാപനങ്ങൾ മനസിലാകാൻ തുടങ്ങിയിരിക്കുന്നു. അതുകൊണ്ട് നമ്മുടെ സ്ത്രീകൾക്കും വല്ലപ്പോഴും പർദയെ കുറിച്ചുണ്ടാകുന്ന അപകർഷതാബോധം ഉണ്ടാകാൻ പാടില്ലാത്തതാണ്. അവരുടെ വിശ്വാസം വർധിക്കേണ്ടതാണ്. ഒരു വിധത്തിലുള്ള കൃത്രിമവും ഉണ്ടാകാൻ പാടില്ല.

ഹുദൂർ അയ്യദഹുല്ലാഹ് ഒരുപാട് അതിഥികളുടെ ഈമാൻ ദൃഢീകരിക്കുന്ന പ്രതികരണങ്ങൾ കേൾപിക്കുകയുണ്ടായി. എന്നിട്ടു പറഞ്ഞു: ജർമനി ജാമിഅ അഹ്മദിയ്യായിലെ ആദ്യത്തെ ക്ലാസും 7 വർഷം തികഞ്ഞ് തങ്ങളുടെ കോഴ്സ് പൂർത്തിയാക്കി ഇപ്രാവശ്യം പാസ്സായിരിക്കുന്നു. 16 മുബല്ലിഗുമാർ തയ്യാറായിട്ടുണ്ട്. അവരുടെ വാർഷിക കൺവൻഷനുമുണ്ടായിരുന്നു. ജർമനിയിൽ പോയതിന്റെ യഥാർഥ ഉദ്ദേശ്യമിതായിരുന്നു. 2008 ലാണ് ഇവിടെ ജാമിഅ ആരംഭിച്ചത്. ബയ്ത്തുസ്സുബൂഹിന്റെ ചെറിയ കെട്ടിടത്തിൽ കുറച്ചു മുറികളിലും ആയിരുന്നു. ഇപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർ ജാമിഅയ്ക്കു വേണ്ടി ഔദ്യോഗിക കെട്ടിടം നിർമിച്ചിരിക്കുന്നു. അതിൽ എല്ലാ സൗകര്യങ്ങളുമുണ്ട്.

ഖുത്ബയുടെ അവസാനം ഹുദൂർ അയ്യദഹുല്ലാഹ് ഹദ്റത് മുസ്ലിഹ് മൗഊദ്(റ) മകൻ മിർസാ അള്ഹർ അഹ്മദ് സാഹിബിന്റെ ഗായിബ് ജനാസ നമസ്കരിപ്പിക്കുമെന്ന് വിളംബരം ചെയ്തു. ഇദ്ദേഹത്തെ അനുസ്മരിച്ചു. 2015 ഒക്ടോബർ 14ന് അദ്ദേഹം വഫാത്തായി. സയ്യിദുനാ ഹുദൂർ അയ്യദഹുല്ലാഹ് മിർസാ അള്ഹർ അഹ്മദ് സാഹിബിനെ അനുസ്മരിച്ചുകൊണ്ട് ഇങ്ങനെയും പറഞ്ഞു: ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) അദ്ദേഹത്തിന്റെ നിക്കാഹ് ഖുത്ബയിൽ പറ ഞ്ഞു: ഇന്ന് ഞാൻ എന്റെ മകൻ മിർസാ അള്ഹർ അഹ്മദിന്റെ നിക്കാഹ് വിളംബരം ചെയ്യാനാണ് നില്ക്കുന്നത്. ഖാൻ സഈദ് അഹ്മദ്ഖാന്റെ മകൾ ഖയ്സ്വറ ഖാനുമായിട്ടാണ് നിശ്ചയിച്ചിട്ടുള്ളത്. ഹദ്റത് മുസ്ലിഹ് മൗഊദ് (അ) പറഞ്ഞു: വേദനയോടെ പറയട്ടെ! നമ്മുടെ ജമാഅത്ത് നമ്മുടെ ചരിത്രം ഓർമവെക്കുന്നതിൽ അങ്ങേയറ്റം അലസതയാണ് കാണിക്കുന്നത്. നമ്മുടെ അത്രയും അലസത ഇക്കാര്യത്തിൽ കാണിക്കുന്ന മറ്റു ജനത ഉണ്ടാകുമെന്ന് തോന്നുന്നില്ല. ക്രിസ്ത്യാനികളെ എടുത്തു നോക്കുക. അവർ തങ്ങളുടെ ചരിത്രം ഓർമിക്കുന്നതിൽ ഇപ്രകാരം അലസത കാണിച്ചിട്ടില്ല. മുസ്ലിംകൾ സ്വഹാബാക്കളുടെ അവസ്ഥകൾ എത്ര മാത്രം വിശദമായി വിവരിച്ചിരിക്കുന്നുവെന്നാൽ, ഈ വിഷയത്തിൽ വലിയ വലിയ ഗ്രന്ഥങ്ങൾ ആയിരക്കണക്കിന് പേജുകളുള്ള ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. പക്ഷേ, നമ്മുടെ ജമാഅത്ത് ഒരു വൈജ്ഞാനിക ലോകത്ത് ജനിച്ചിട്ടും നമ്മുടെ ചരിത്രം ഓർമിക്കുന്നതിൽ ഗുരുതരമായ അലസതയാണ് കാണിച്ചുകൊണ്ടിരിക്കുന്നത്. സയ്യിദുനാ ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു: ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ആളുകൾ ഗൗനിക്കേണ്ടതാണ്. മുമ്പേയും സ്വന്തം ചരിത്രങ്ങളും കുടുംബചരിത്രങ്ങളും സൂക്ഷിക്കാൻ ശ്രമിക്കണമെന്ന് പറഞ്ഞിട്ടുള്ളതാണ്. സ്വഹാബാക്കളുടെ കാര്യങ്ങൾ പറയേണ്ടതാണ്. അവരെ കുറിച്ച് എഴുതപ്പെടേണ്ടതാണ്. ഇദ്ദേഹത്തിന്റെ ഭാര്യ കുറച്ചു വർഷം മുമ്പേ വഫാത്തായപ്പോൾ ഇതിന്റെ ചരിത്രപ്രാധാന്യം കാരണത്താലാണ് കുറേ കാര്യങ്ങൾ പറഞ്ഞിരുന്നത്. അല്ലാഹു അദ്ദേഹത്തോട് മഗ്ഫിറത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. തന്റെ പ്രിയപ്പെട്ടവരുടെ കാലടികളിൽ ഇടം നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Al-khamis** (atba)
at Baithul Futuh,London – on 23.10.15
Malayalam Translation : **Moulvi Mohammed Ismail Alleppey**, For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala